## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1897 — 22.01.2014-ൽ മറുപടിയ്ക്ക്

### എം. എൽ. എ മാർക്ക് സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാൻ നടപടി

| | ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും നിയോജക മണ്ഡലത്തിലെ വികസനത്തെ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകൾ എം.എൽ.എ മാർക്ക് ലഭ്യമാകാത്തത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ : | (എ) യും (ബി) യും | വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും നിയോജക മണ്ഡലത്തിലെ വികസനത്തെ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകൾ എം.എൽ.എ മാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പാർലമെന്ററികാര്യവകുപ്പിൽ നിന്നും 07.05.2008-ൽ പുറപ്പെടുവിച്ച 1294/എ.2/07/പാ.കാ.വ നമ്പർ സർക്കുലറിലേയും പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും 21.11.2011-ൽ പുറപ്പെടുവിച്ച 77369/സി.ഡി.എൻ.4/11/പൊ.ഭ.വ നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/ വകുപ്പുതലന്മാർക്കും കർശന നിർദ്ദേശം നൽകി 11.06.2012-ൽ സ.ഉ (എം.എസ്) നം.142/12/പൊ.ഭ.വ നമ്പരായി ഉത്തരവ് നിലവിലുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-മെയിൽ അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടായിട്ടും ഇത്തരം ഉത്തരവുകൾ ലഭ്യമാക്കുവാൻ കഴിയാത്തതിനു കാരണം വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ